പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3081 — 20.12.2012 ൽ മറുപടിയ്ക്ക്

## ന്യായവില മെഡിക്കൽ ഷോപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. അനൂപ്ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര ന്യായവില മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് വിവിധ ജില്ലകളിലായി സപ്ലൈകോയുടെ കീഴിൽ 89 ന്യായവില മെഡിക്കൽ സ്റ്റോറുകളും ആരോഗ്യ വകുപ്പിന്റെ കീഴിൽ 654 ന്യായവില മെഡിക്കൽ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സഹകരണ വകുപ്പിന് കീഴിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും കൺസ്യൂമർഫെഡ് മുഖേനയും നീതി മെഡിക്കൽ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | കൂടുതൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | സപ്ലൈകോ മുഖേന ജനങ്ങൾക്ക് പെട്ടെന്ന് എത്തിച്ചേരുവാൻ കഴിയുന്നിടത്തും സർക്കാർ ഹോസ്പിറ്റലുകളോടനുബന്ധിച്ചും കൂടുതൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂത്താട്ടുകുളം, കോട്ടയം, അതിരുമ്പുഴ, കണ്ണൂർ എന്നിവിടങ്ങളിലാണ് പുതിയ ന്യായവില മെഡിക്കൽ ഷോപ്പുകൾ ഉടനെ തുടങ്ങുന്നത്. |
| സ) | എല്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും ഓരോ ന്യായവില മെഡിക്കൽ ഷോപ്പ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | പഞ്ചായത്ത് ആസ്ഥാനങ്ങളിൽ മെഡിക്കൽ സ്റ്റോറിന് സൗകര്യപ്രദമായ രീതിയിൽ കെട്ടിടവും മറ്റു അടിസ്ഥാന സൗകര്യങ്ങളും അതാത് പഞ്ചായത്ത് ലഭ്യമാക്കുന്ന മുറക്ക് സപ്ലൈകോ മെഡിക്കൽ സ്റ്റോർ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ